## മധുരമായ കുട്ടികളേ - ബാബയുടെ അടുത്ത് നിങ്ങൾ റിഫ്രെഷാകാൻ വരുന്നു, ഇവിടെ നിങ്ങൾക്ക് ലോകത്തിന്റെ വൈബ്രേഷനിൽ നിന്ന് മാറി സത്യത്തിന്റെ സംഗം ലഭിക്കുന്നു

**ചോദ്യം:-** ബാബ കുട്ടികളുടെ ഉന്നതിക്ക് വേണ്ടി ഏതൊരു നിർദ്ദേശം നൽകുന്നു?
**ഉത്തരം:-** മധുമായ കുട്ടികളെ, ഒരിക്കലും പരസ്പരം വ്യർത്ഥമായ ലൗകീക കാര്യങ്ങൾ സംസാരിക്കരുത്. ആരെങ്കിലും കേൾപ്പിക്കുകയാണെങ്കിൽ കേട്ടിട്ടും കേൾക്കാതിരിക്കൂ. നല്ല കുട്ടികൾ തന്റെ സേവനത്തിന്റെ ഉത്തരവാദിത്വം പൂർത്തിയാക്കി ബാബയുടെ ഓർമ്മയുടെ ലഹരിയിലിരിക്കുന്നു. എന്നാൽ പല കുട്ടിളും തെറ്റായ വ്യർത്ഥ കാര്യങ്ങൾ വളരെ സന്തോഷത്തോടെ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നു, ഇതിൽ വളരെ സമയം പാഴായി പോകുന്നു, ഉന്നതി ഉണ്ടാകുന്നില്ല.

**ഓം ശാന്തി**. ഡബിൾ ഓം ശാന്തി പറയുകയാണെങ്കിലും ശരിയാണ്. കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട്. ഞാൻ ആത്മാവാണ് ശാന്തസ്വരൂപനാണ്. എന്റെ സ്വധർമ്മം തന്ന ശാന്തിയാണെങ്കിൽ പിന്നീട് കാടുകൾ തുടങ്ങിയിവിടങ്ങളിലൂടെ അലയുന്നതിലൂടെ ശാന്തി ലഭിക്കുകയില്ല. ബാബ പറയുന്നു ഞാനും ശാന്തസ്വരൂപനാണ്. ഇതാണെങ്കിൽ വളരെ സഹജമാണ് എന്നാൽ മായയുടെ യുദ്ധമുള്ളതുകാരണം അൽപം ബുദ്ധിമുട്ട് ഉണ്ടാകുന്നു. ഇതെല്ലാകുട്ടികൾക്കും അറിയാം അതായത് പരിധിയില്ലാത്ത പിതാവിനല്ലാതെ ഈ ജ്ഞാനം ആർക്കും തരാൻ സാധിക്കില്ല. ജ്ഞാന സാഗരൻ ഒരേഒരു ബാബയാണ്. ദേഹധാരികളെ ജ്ഞാനത്തിന്റെ സാഗരനെന്ന് ഒരിക്കലും പറയാൻ സാധിക്കില്ല. രചയിതാവ് തന്നെയാണ് രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നത്. അത് നിങ്ങൾ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. പല നല്ല അനന്യമായ കുട്ടികൾ പോലും മറന്ന് പോകുന്നു എന്തുകൊണ്ടെന്നാൽ ബാബയുടെ ഓർമ്മ രസം പോലെയാണ്. സ്കൂളിൽ തീർച്ചയായും നമ്പർവൈസായിരിക്കില്ലേ. സ്കൂളിൽ എപ്പോഴും നമ്പർ എടുക്കാറുണ്ട്. സത്യയുഗത്തിൽ ഒരിക്കലും നമ്പർറെടുക്കില്ല. ഇത് സ്കൂളാണ്, ഇതിനെ മനസ്സിലാക്കാൻ പോലും വളരെ ബുദ്ധി ആവശ്യമാണ്. അരകല്പം ഉണ്ടാകുന്നത് ഭക്തിയാണ് പിന്നീട് ഭക്തിക്ക്ശേഷമാണ് ജ്ഞാനം നൽകുന്നതിന് ജ്ഞാന സാഗരൻ വരുന്നത്. ഭക്തിമാർഗ്ഗത്തിലുള്ളവർക്ക് ഒരിക്കലും ജ്ഞാനം നൽകാൻ സാധിക്കില്ല കാരണം എല്ലാം ദേഹധാരികളാണ്. ഇങ്ങനെ പറയില്ല - ശിവബാബ ഭക്തി ചെയ്യുന്നുണ്ട്. ബാബ ആരുടെ ഭക്തി ചെയ്യും! ഒരേ ഒരേ അച്ഛൻനാണ് ശരീരം ഇല്ലാത്തതായുള്ളത്. ബാബ ആരുടെയും ഭക്തി ചെയ്യുന്നില്ല. ബാക്കി ഏതെല്ലാം ദേഹധാരികളാണോ ഉള്ളത്, അവരെല്ലാം ഭക്തി ചെയ്യുന്നുണ്ട് കാരണം രചനകളല്ലേ. രചയിതാവ് ഒരു ബാബയാണ്. ബാക്കി ഈ കണ്ണുകളിലൂടെ എന്തെല്ലാമാണോ കാണുന്നത്, ചിത്രം മുതലായവ, അതെല്ലാം രചനയാണ്. ഈ കാര്യങ്ങൾ അടിക്കടി മറന്ന് പോകുന്നു.

ബാബ മനസ്സികാക്കി തരുന്നു നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് ബാബയെ കൂടാതെ ലഭിക്കുക സാധ്യമല്ല. വൈകുണ്ഡത്തിന്റെ ചക്രവർത്തീ പദവി അത് നിങ്ങൾക്കാണ് ലഭിക്കുന്നത്. 5000 വർഷങ്ങൾക്ക് മുൻപ് ഭാരതത്തിൽ ഇവരുടെ രാജ്യമായിരുന്നു. 2500 വർഷം സൂര്യവംശീ-ചന്ദ്രവംശികളുടെ രാജധാനി നടന്നു. ഇത് ഇന്നലത്തെ കാര്യമാണെന്ന് നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. ബാബയ്ക്കല്ലാതെ മറ്റാർക്കും പറഞ്ഞ് തരാൻ സാധിക്കില്ല. പതിത-പാവൻ ആ ബാബ മാത്രമാണ്. മനസ്സിലാക്കി കൊടുക്കുന്നതിലും വളരെ പരിശ്രമമുണ്ട്. ബാബ സ്വയം പറയുന്നു കോടിയിൽ ചിലരേ മനസ്സിലാക്കൂ. ഈ ചക്രവും മനസ്സിലാക്കി തന്നിട്ടുണ്ട്. ഇത് മുഴുവൻ ലോകത്തിനും വേണ്ടിയുള്ള ജ്ഞാനമാണ്. ഏണിപ്പടിയും വളരെ നല്ലതാണ്, എന്നിട്ടും ചിലർ പിറു-പിറുക്കുന്നുണ്ട്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് വിവാഹത്തിന് ഹാളുകൾ ഉണ്ടാക്കുന്നവരുണ്ട്, അവർക്കും മനസ്സിലാക്കി കൊടുത്ത് ദൃഷ്ടി നൽകൂ. മുന്നോട്ട് പോകെ എല്ലാവർക്കും ഈ കാര്യങ്ങൾ ഇഷ്ടപ്പെടും. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കണം. ബാബ ആരുടെയും അടുത്തേക്ക് പോകില്ല. ഭഗവാനുവാച - ആരാണോ പൂജാരിയായിട്ടുള്ളത് അവരെ ഒരിക്കലും പൂജ്യരെന്ന് പറയാൻ സാധിക്കില്ല. കലിയുഗത്തിൽ ഒരാൾ പോലും പവിത്രമായതില്ല. പൂജ്യമായ ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപനയും ഏറ്റവും ഉയർന്നതിലും ഉയർന്ന പൂജ്യൻ ആരാണോ അവരാണ് ചെയ്യുന്നത്. അരകൽപം പൂജ്യരാണ് പിന്നീട് അരകൽപം പൂജാരിയാകുന്നു. ഈ ബാബ അനേകം ഗുരുക്കൻമാരെ സ്വീകരിച്ചിട്ടുണ്ട്, ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് ഗുരുക്കൻമാരെ സ്വീകരിക്കുന്നത് ഭക്തിമാർഗ്ഗമായിരുന്നു. ഇപ്പോൾ സത്ഗുരുവിനെ ലഭിച്ചു, അവർ പൂജ്യരാക്കുന്നു. കേവലം ഒരാളെയല്ല, എല്ലാവരെയുമാക്കുന്നു. ആത്മാക്കൾ എല്ലാവരുടെതും പൂജ്യ സതോപ്രധാനമാകുന്നു. ഇപ്പോഴാണെങ്കിൽ തമോപ്രാ

ധാന, പൂജാരികളാണ്. ഈ പോയന്റുകൾ മനസ്സിലാക്കേണ്ടതാണ്. ബാബ പറയുന്നു കലിയുഗത്തിൽ ഒരാൾ പോലും പവിത്ര പൂജ്യമായവരുണ്ടാകുക സാധ്യമല്ല. എല്ലാവരും വികാരത്തിലൂടെയാണ് ജന്മമെടുക്കുന്നത്. രാവണ രാജ്യമാണ്. ഈ ലക്ഷ്മീ-ലാരായണനും പുനർജന്മമെടുക്കുന്നുണ്ട് എന്നാൽ അവർ പൂജ്യരാണ് എന്തുകൊണ്ടെന്നാൽ അവിടെ രാവണനേയില്ല. വാക്ക് പറയുന്നുണ്ട് എന്നാൽ രാവണ രാജ്യം എപ്പോഴാണ് ഉണ്ടാകുന്നത് രാമരാജ്യം എപ്പോഴാണ് ഉണ്ടാകുന്നത്, ഇതൊന്നും അറിയുന്നില്ല. ഈ സമയം നോക്കൂ എത്ര സഭകളാണ്. ആ സഭ, ഈ സഭ. എവിടുന്നെങ്കിലും എന്തെങ്കിലും ലഭിക്കുകയാണെങ്കിൽ ഒന്ന് വിട്ട് അടുത്തതിലേക്ക് പോകുന്നു. നിങ്ങൾ ഈ സമയം പവിഴബുദ്ധിയായികൊണ്ടിരിക്കുന്നു. പിന്നീട് അതിലും ചിലർ 20% ആയിട്ടുണ്ട്, ചിലർ 50% ആയിട്ടുണ്ട്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഇത് രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അവശേഷിക്കുന്ന ആത്മാക്കൽ മുകളിൽ നിന്നും വന്നുകൊണ്ടിരിക്കുന്നുണ്ട്. സർക്കസിൽ ചില നല്ല-നല്ല അഭിനേതാക്കളും ഉണ്ടായിരിക്കും അതുപോലെ ചിലർ പേരിന് മാത്രമുള്ളവരും ഉണ്ടായിരിക്കും. ഇതാണ് പരിധിയില്ലാത്തതിന്റെ കാര്യം. കുട്ടികൾക്ക് എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ഇവിടെ നിങ്ങൾ വരുന്നത് റിഫ്രഷാകുന്നതിന്വേണ്ടിയാണ്, അല്ലാതെ കാറ്റ് കൊള്ളാനല്ല. ചിലർ കല്ലുബുദ്ധികളെ കൊണ്ട് വരുന്നുണ്ട്, അവർ ലൗകീക വൈബ്രേഷനിൽ കഴിയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയുടെ ശ്രീമത്തിലൂടെ മായയുടെ മേൽ വിജയം പ്രാപ്തമാക്കുന്നു. മായ ഓരോ നിമഷവും നിങ്ങളുടെ ബുദ്ധിയെ ഓടിക്കുന്നു. ഇവിടെയാമെങ്കിൽ ബാബ ആകർഷിക്കുന്നു. ബാബ ഒരിക്കലും ഒരു തലതിരിഞ്ഞ കാര്യവും പറയില്ല. ബാബ സത്യമല്ലേ. നിങ്ങൾ ഇവിടെ സത്യത്തിന്റെ സംഗത്തിൽ ഇരിക്കുന്നു. മറ്റുള്ളവരെല്ലാം അസത്യ സംഗത്തിലാണ്. അതിനെ സത്സംഗമെന്ന് പറയുന്നത് പോലും വലിയ തെറ്റാണ്. നിങ്ങൾക്കറിയാം സത്യം ഒരു ബാബ മാത്രമാണ്. മനുഷ്യർ സത്യമായ പരമാത്മാവിന്റെ പൂജ ചെയ്യുന്നു എന്നാൽ ആരുടെ പൂജയാണ് ചെയ്യുന്നതെന്ന് അറിയില്ല. അതുകൊണ്ട് അതിനെ പറയും അന്ധവിശ്വാസം. അഗാങ്കക്ക് നോക്കൂ എത്ര പിൻഗാമികളാണ് അവർ എപ്പോഴാണോ എവിടെയെങ്കിലും പോകുന്നത് അപ്പോൾ അവർക്ക് വളരെ ഉപഹാരങ്ങൾ ലഭിക്കുന്നു. വജ്രങ്ങളിൽ തൂക്കം കാണിക്കുന്നു. ശരിക്കും വജ്രങ്ങളിൽ ഒരിക്കലും തൂക്കം കാണിക്കാൻ സാധിക്കില്ല. സത്യയുഗത്തിൽ വജ്രങ്ങളും രത്നങ്ങളുമാണെങ്കിൽ നിങ്ങൾക്ക് കല്ല് പോലെയായിരിക്കും അതാണ് കെട്ടിടങ്ങളിൽ വയ്ക്കുന്നത്. വജ്രത്തിന്റെ ദാനം ലഭിക്കുന്നവരായി ഇവിടെ ആരും തന്നെയില്ല. മനുഷ്യരുടെ അടുത്ത് വളരെ പണമുണ്ട് അതുകൊണ്ടാണ് ദാനം ചെയ്യുന്നത്. എന്നാൽ ആ ദാനം പാപ ആത്മാക്കൾക്ക് ചെയ്യുന്നത് കാരണം കൊടുക്കുന്നവരിലും പാപം കയറുന്നു. അജാമിളനെ പോലെ പാപാത്മക്കളായിരിക്കുന്നു. ഇത് ഭഗവാനിരുന്ന് മനസ്സിലാക്കി തരികയാണ് അല്ലാതെ മനുഷ്യനല്ല. അതുകൊണ്ട് ബാബ പറഞ്ഞിട്ടുണ്ടായിരുന്നു നിങ്ങളുടെ ഏതെല്ലാം ചിത്രങ്ങളാണോ ഉള്ളത് അതിൽ എല്ലായിപ്പോഴും എഴുതിയിട്ടുണ്ടായിരിക്കണം- ഭഗവാനുവാച. എല്ലായിപ്പോഴും എഴുതൂ ത്രിമൂർത്തീ ശിവ ഭഗവാനുവാച. കേവലം ഭഗവാനെന്ന് പറയുന്നതിലൂടെ പോലും മനുഷ്യർ സംശയിക്കും. ഭഗവാൻ നിരാകാരനാണ് അതുകൊണ്ട് ത്രിമൂർത്തിയെന്ന് തീർച്ചയായും എഴുതണം. അതിൽ കേവലം ശിവബാബയല്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരൻ മൂന്ന് പേരും തന്നെ ഉണ്ട്. ബ്രഹ്മ ദേവതായ നമഃ, പിന്നീട് അവരെ ഗുരുവെന്നും പറയുന്നു. ശിവ-ശങ്കരൻ ഒന്നാണെന്ന് പറയുന്നു. ഭക്തിയുടെ ഫലം ഭഗവാൻ തന്നെയാണ് നൽകുന്നത്. ഒരു ശിവബാബയാണ്, ഈശ്വരൻ, ഭഗവാൻ തുടങ്ങിയവർ പോലും ഇല്ല. ശിവബാബ എന്ന ശബ്ദം വളരെ മധുരമാണ്. ബാബ സ്വയം പറയുന്നു മധുരമായ കുട്ടികളെ, അപ്പോൾ അച്ഛനായില്ലേ.

ബാബ മനസ്സിലാക്കി തരുന്നു – ആത്മാവിൽ തന്നെയാണ് സംസ്ക്കാരം നിറയുന്നത്. ആത്മാവ് നിർലേപമല്ല. നിർലേപമാണെങ്കിൽ എന്തുകൊണ്ടാണ് പതിതമായിരിക്കുന്നത്! തീർച്ചയായും പതിയുന്നുണ്ട് അപ്പോഴാണ് പതിതമാകുന്നത്. പറയുന്നുമുണ്ട് ഭ്രഷ്ഠാചാരി. ദേവതകൾ ശ്രേഷ്ഠാചാരികളാണ്. അവരുടെ മഹിമയാണ് പാടുന്നത് അങ്ങ് സർവ്വ ഗുണ സമ്പന്നമാണ് ഞങ്ങൾ നീചരും പാപിയുമാണ് അതുകൊണ്ട് സ്വയത്തെ ദേവതയെന്ന് പറയാൻ സാധിക്കില്ല. ഇപ്പോൾ ബാബയിരുന്ന് മനുഷ്യരെ ദേവതയാക്കുന്നു. ഗുരുനാനാക്കിന്റെ ഗ്രന്ഥത്തിലും മഹിമയുണ്ട്. സിക്ക് ലോകരും പറയാറുണ്ട് സത് ശ്രീ അകാൽ. ആരാണോ അകാല മൂർത്തിയായിട്ടുള്ളത്, അവരാണ് സത്യമായ സത്ഗുരു. അങ്ങനെയെങ്കിൽ ആ ഒരാളെ മാത്രം അംഗീകരിക്കണം. പറയുന്നതൊന്ന്, പിന്നീട് ചെയ്യുന്നത് മറ്റൊന്ന്. അർത്ഥം ഒന്നും അറിയുന്നില്ല. ഇപ്പോൾ ബാബ ഏതൊരാളാണോ സത്ഗുരു, അകാലൻ, അവർ സ്വയമിരുന്ന് മനസ്സിലാക്കി തരികയാണ്. നിങ്ങളിലും നമ്പർവൈസാണ്. സന്മുഖത്തിരുന്നിട്ട് പോലും ഒന്നും മനസ്സിലാക്കുന്നില്ല. ചിലർ ഇവിടുന്ന് പോയാൽ തീർന്നു. ബാബ തടയുകയാണ്-കുട്ടികളെ, ഒരിക്കലും വ്യർത്ഥമായ ലൗകീക കാര്യങ്ങൾ കേൾക്കരുത്. ചിലരാണെങ്കിൽ വളരെ സന്തോഷത്തോടെ ഇങ്ങനെയുള്ള കാര്യങ്ങൾ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നു. ബാബയുടെ മഹാവാക്യം മറക്കുന്നു. വാസ്തവത്തിൽ ആരാണോ നല്ല കുട്ടികൾ അവർ അവരുടെ സേവനത്തിന്റെ കർത്തവ്യം നിറവേറ്റി തന്റെ ലഹരിയിൽ കഴിയുന്നു. ബാബ മനസ്സിലാക്കി തന്നി

ട്ടുണ്ട് കൃഷ്ണനും ക്രിസ്ത്യനും തമ്മിൽ വളരെ നല്ല സംബന്ധമുണ്ട്. കൃഷ്മന്റെ രാജധാനിയില്ലേ. ലക്ഷ്മീ -നാരായണനെന്ന പേര് പിന്നീട് വരുന്നതാണ്. വൈകുണ്ഢമെന്ന് പറയുന്നതിലൂടെ പെട്ടന്ന് കൃഷ്ണ നാണ് ഓർമ്മ വരിക. ലക്ഷ്മീ-നാരായണനെ പോലും ഓർമ്മ വരില്ല എന്തുകൊണ്ടെന്നാൽ ചെറിയ കുട്ടി കൃഷ്ണനാണ്. ചെറിയ കുട്ടി പവിത്രമാണ്. നിങ്ങൾ ഇതും സാക്ഷാത്ക്കാരം ചെയ്തിട്ടുണ്ട് - കുട്ടി എങ്ങ നെയാണ് ജന്മമെടുക്കുന്നത്, നഴ്സ് നിൽക്കുന്നുണ്ടായിരിക്കും, പെട്ടന്നെടുത്ത്, പരിചരിക്കുന്നു. കുട്ടിക്കാ ലം, യൗവനം, വാർദ്ധക്യം വ്യത്യസ്ത-വ്യത്യസ്ത പാർട്ടഭിനയിക്കുന്നു, എന്ത് നടന്നോ അത് ഡ്രാമ. ബ്രഹ്മാ ബാബ ഒന്നും ചിന്തിക്കുന്നില്ല. ഈ നാടകം ഉണ്ടാക്കിയതല്ലേ. എന്റെ പാർട്ടും അഭിനയിച്ചുകൊണ്ടിരി ക്കുകയാണ് ഡ്രാമാപ്ലാനനുസരിച്ച്. മായയുടെ പ്രവേശതയുണ്ടാകുന്നു അതുപോലെ ബാബയുടെ പ്രവേ ശതയും ഉണ്ടാകുന്നു. ചിലർ ബാബയുടെ മതത്തിലൂടെ നടക്കുന്നു ചിലർ മായയുടെ മതത്തിലൂടെ നട ക്കുന്നു. രാവണൻ എന്ത് സാധനമാണ്? എന്താ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? കേവലം ചിത്രം കാണു ന്നു. ശിവബാബയ്ക്കാണെങ്കിൽ പിന്നീട് ഈ രൂപമുണ്ട്. രാവണന്റേത് എന്ത് രൂപമാണ്! 5 വികാരങ്ങളാ കുന്ന ഭൂതം എപ്പോഴാണോ വന്ന് പ്രവേശിക്കുന്നത് അപ്പോൾ രാവണനെന്ന് പറയുന്നു. ഇതാണ് ഭൂത ങ്ങളുടെ ലോകം, അസുരൻമാരുടെ ലോകം. നിങ്ങൾക്കറിയാം നമ്മുടെ ആത്മാവ് ഇപ്പോൾ നന്നായിക്കൊ ണ്ടിരിക്കുകയാണ്. ഇവിടെയാണെങ്കിൽ ശരീരവും ആസുരീയമാണ്. ആത്മാവ് നന്നായി-നന്നായി പാവന മാകും. പിന്നീട് ഈ തോൽ അഴിച്ച് കളയും. പിന്നീട് നിങ്ങൾക്ക് സതോപ്രധാന തോൽ(ശരീരം) ലഭി ക്കും. സ്വർണ്ണ സമാന ശരീരം ലഭിക്കും. അത് അപ്പോഴാണ് എപ്പോഴാണോ ആത്മാവും സ്വർമാകുന്നത്. സ്വർണ്ണം തങ്കമാണെങ്കിൽ ആഭരണവും തങ്കമായിരിക്കും. സ്വർണ്ണത്തിൽ കലർപ്പും ചേർക്കുന്നുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം ചക്രം കറങ്ങികൊണ്ടിരിക്കുന്നു ണ്ട്. മനുഷ്യർ ഒന്നും അറിയുന്നില്ല. പറയുന്നു ഋഷി-മുനി എല്ലാവരും അറിയില്ല-അറിയില്ല എന്ന് പറ ഞ്ഞാണ് പോയത്. നമ്മൾ പറയുന്നു ഈ ലക്ഷ്മീ-നാരായണനോട് ചോദിക്കുകയാണെങ്കിൽ ഇവരും അറിയില്ല-അറിയില്ല എന്ന് തന്നെ പറയും. എന്നാൽ ഇവരോട് ചോദിക്കുക തന്നെയില്ല. ആര് ചോദിക്കും? ചോദിക്കുന്നത് ഗുരുക്കൻമാരോടാണ്. നിങ്ങൾക്ക് അവരോട് ഈ ചോദ്യം ചോദിക്കാൻ സാധിക്കും. നിങ്ങൾ മനസ്സിലാക്കി കൊടുക്കാൻ വേണ്ടി എത്രയാണ് തലയിട്ടടിക്കുന്നത്. തൊണ്ട കേടാകുന്നു. ബാബയാണെ ങ്കിൽ കുട്ടികളെ മാത്രമല്ലേ കേൾപ്പിക്കുക, ആരാണോ മനസ്സിലാക്കിയത്. ബാക്കി മറ്റുള്ളവരുടെ അടുത്ത് വെറുതെ ഒരിക്കലും തലയടിക്കില്ല.ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമ സ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സേവനത്തിന്റെ ഉത്തരവാദിത്വം പൂർത്തിയാക്കി തന്റെ ലഹരിയിൽ കഴിയണം. വ്യർത്ഥത്തിന്റെ കാര്യ ങ്ങൾ കേൾക്കുകയോ കേൾപ്പിക്കുകയോ ചെയ്യരുത്. ഒരു ബാബയുടെ മഹാവാക്യം മാത്രം സ്മൃതിയിൽ വയ്ക്കണം. അതിനെ മറക്കരുത്.

2) സദാ സന്തോഷത്തിൽ കഴിയുന്നതിന് വേണ്ടി രചയിതാവിന്റെയും രചനയുടെയും ജ്ഞാനം ബുദ്ധി യിൽ ചക്രം കറക്കിക്കൊണ്ടിരിക്കണം അർത്ഥം അതിന്റെ സ്മരണ ചെയ്തുകൊണ്ടിരിക്കണം. ഒരു കാര്യ ത്തിലും സങ്കല്പം നടക്കരുത്, അതിന് വേണ്ടി ഡ്രാമയെ നല്ലരീതിയിൽ മനസ്സിലാക്കി പാർട്ടഭിനയിക്കണം.

## വരദാനം:- ഞാൻ എന്നതിനെ “ബാബ”യിൽ ലയിപ്പിക്കുന്ന നിരന്തരയോഗി, സഹ ജയോഗിയായി ഭവിക്കൂ

ഏത് കുട്ടികൾക്കാണോ ബാബയോട് ഓരോ ശ്വാസത്തിലും സ്നേഹമുള്ളത്, ഓരോ ശ്വാസത്തിലും ബാബാ-ബാബാ എന്നുള്ളത്. അവർക്ക് യോഗത്തിന്റെ പരിശ്രമം ചെയ്യേണ്ടി വരില്ല. ഓർമ്മയുടെ തെളി വാണ് ഒരിക്കലും വായിൽ നിന്ന് “ഞാൻ” എന്ന ശബ്ദം വരില്ല. ബാബാ-ബാബാ എന്ന് മാത്രം വരും. “ഞാൻ” എന്നത് ബാബയിൽ ലയിച്ച് ചേരും. ബാബ നട്ടെല്ലാണ്, ബാബ ചെയ്യിപ്പിച്ചു, ബാബ സദാ കൂടെ യുണ്ട്, നിന്നോടൊപ്പം കഴിയണം, കഴിക്കണം, നടക്കണം, കറങ്ങണം.... ഇത് പ്രത്യക്ഷ രൂപത്തിൽ സ്മൃതി യുണ്ടായിരിക്കണം അപ്പോൾ പറയും സഹജയോഗി.

സ്ലോഗൻ:- ഞാൻ-ഞാൻ എന്ന് പറയുകയെന്നാൽ മായയാകുന്ന പൂച്ചയെ ആഹ്വാനം ചെയ്യുക, ബാബാ-ബാബാ എന്ന് പറയൂ അപ്പോൾ മായ ഓടിപ്പോകും.